സമീപിക്കണമെന്നും വിധിന്യായത്തിൽ പറഞ്ഞിരുന്നു. ബന്ധപ്പെട്ട കക്ഷികൾ ആരും തന്നെ സുപ്രീം കോടതിയെ സമീപിച്ച് മറിച്ച് ഉത്തരവ് വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ നിയമനത്തിലെ വിലക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ തുടരും എന്നാണ് വിധിയിൽ നിന്നും അനുമാനിക്കേണ്ടത്.

(എഫ്) ഇല്ല.

(ജി) 2245/2002 എന്ന നമ്പർ റിട്ട് അപ്പീൽ കേസ്സിലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ ഈ ചോദ്യം ഇപ്പോൾ പ്രസക്തമല്ല.

(എച്ച്) ഈ കാലയളവിൽ ബന്ധപ്പെട്ട മാനേജർമാർ നിയമിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ ഉള്ള പക്ഷം പ്രസ്തുത യോഗ്യതകൾക്ക് അനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനം എടുത്തു കഴിഞ്ഞിട്ടുണ്ട്.

(ഐ) 681

(ജെ) മൂന്നു മാസ പരിധിക്കു ശേഷം നിയമിക്കപ്പെട്ട നിശ്ചിത യോഗ്യതകളുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി തുടങ്ങിക്കഴിഞ്ഞു. നിയമനം നടക്കുമ്പോൾ "സെറ്റ്" യോഗ്യതയില്ലാതിരുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള ആദ്യപടിയായി കോടതി നിർദ്ദേശ പ്രകാരം അവരെ നേരിൽ കേട്ടതിനു ശേഷം തീരുമാനമെടുക്കുന്നതാണ്.

പ്ലസ് ടൂ അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക

106 (704) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്ലസ് ടൂ കോഴ്സിൽ അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്ക് ഈ ഗവൺമെന്റ് നിലവിൽ വന്നപ്പോൾ എന്ത് തുകയുടെ ശമ്പള കുടിശ്ശികയുണ്ടായിരുന്നു ;

(ബി) ആ തുക മുഴുവൻ ഈ ഗവൺമെന്റ് കൊടുത്ത് തീർത്തുവോ ?

ഉത്തരം

(എ) 1999-2000 അദ്ധ്യയന വർഷം മുതൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാൻ കാലതാമസം ഉണ്ടായിരുന്നു. നിയമന തീയതി മുതൽ നിയമനാംഗീകാരം നൽകിയെങ്കിലും 2001 ഡിസംബർ മുതലുള്ള ശമ്പളം മാത്രമേ ബാങ്കുവഴി നൽകിയിട്ടുള്ളൂ. എന്ത് തുകയുടെ ശമ്പള കുടിശ്ശിക ഉണ്ട് എന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. കുടിശ്ശിക നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

പ്ലസ് ടൂ സ്കൂളുകളിലെ അധികമുള്ള ലാബ് അറ്റൻഡർമാരെ പുനർവിന്യസിപ്പിക്കുന്ന നടപടി

107 (705) ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു സ്കൂളുകളിൽ രണ്ട് ലാബ് അറ്റൻഡർമാരുടെ തസ്തിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുള്ള സ്റ്റാഫ്പാറ്റേൺ പ്രകാരം നേരത്തേ കൂടുതലായി നിയമിച്ചവരുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമോ ;

(ബി) അധികമുള്ള ലാബ് അറ്റൻഡർമാരെ എങ്ങനെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഇപ്പോൾ അവർ ചെയ്യുന്ന ജോലിക്ക് വേതനം നൽകുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സയൻസ് ബാച്ചുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 28-3-2003-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 71/2003/ബാ.വി.വ. പ്രകാരം രണ്ട് ലബോറട്ടറി അസിസ്റ്റന്റുമാരുടെ തസ്തികകളാണ് ഗവൺമെന്റ് സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് മുമ്പ് തസ്തികകളില്ലാതിരിക്കെ മാനേജർ സ്വേച്ഛാപരമായി നിയമിച്ചിട്ടുള്ള ലാബ് അസിസ്റ്റന്റുമാരുടെ നിയമനം സാധൂകരിക്കാൻ നിർവാഹമില്ല. എന്നാൽ മുമ്പ് അനുവദിച്ചിരുന്ന തസ്തികകളിൽ നിയമിക്കപ്പെടുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള ലാബ് അസിസ്റ്റന്റുമാരെ 28-3-2003-ലെ ഉത്തരവ് ബാധിക്കുന്നതല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

108 (706) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അഴിച്ച് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly